**പ്രസ്സ് റിലീസ്.** **15.06.2013**

## രാജാജി നഗർ കോളനിയിലെ സ്വിവറേജ് സംവിധാനം ശാസ്ത്രീയമായി ക്രമീകരിക്കും : മന്ത്രി വി.എസ് ശിവകുമാർ

തിരുവനന്തപുരം: രാജാജി നഗർ കെ.എസ്.യു.ഡി.പി ഡ്രെയിനേജ് ലൈനിൽ നിന്നും നിലവിലുള്ള ഡ്രെയിനേജിന്റെ മാൻഹോളിലേക്ക് 100 മീറ്റർ താത്ക്കാലിക പി.വി.സി ലൈനിന്റെയും 5 പി.വി.സി മാൻഹോളിന്റെയും നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കും. രാജാജി നഗർ കോളനിയിൽ സ്വിവറേജ് സംവിധാനം ഇല്ലാത്ത ഭാഗങ്ങളിൽ പുതിയ സ്വിവറേജ് ലൈൻ സ്ഥാപിക്കുന്നതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ട് ഒരാഴ്ചയ്ക്കകം തയ്യാറാക്കാൻ ഡ്രെയിനേജ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് നിർദ്ദേശം നൽകിയതായി മന്ത്രി അറിയിച്ചു. ഇതിനാവശ്യമായ ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തും. ഡ്രെയിനേജ് സംവിധാനം മെച്ചപ്പെടുത്തുന്നതിന് വിളിച്ചുചേർത്ത ഉന്നതതലയോഗത്തിനുശേഷം മന്ത്രി അറിയിച്ചതാണ് ഇക്കാര്യം. താത്ക്കാലികമായി പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചതായും മന്ത്രി പറഞ്ഞു. യോഗത്തിൽ കൗൺസിലർമാരായ കെ. സുരേഷ് കുമാർ, ആർ. ഹരികുമാർ, എക്സിക്യൂട്ടീവ് എഞ്ചിനിയർ സുരേഷ് കുമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

പി.വി.രതീഷ്
9995524658